# തിരുവനന്തപുരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

(അവതരണം :-ശ്രീമതി.റെജീന.പി.എം)

ഇസി4/7704/2018 തീയതി:18.04.2018.

വിഷയം:- വ്യവസായം - ജീവനക്കാര്യം - ഗ്രീൻ പ്രോട്ടോക്കോൾ-നോഡൽ ഓഫീസറെ നിയമിക്കുന്നത്-സംബന്ധിച്ച്.

സൂചന:-1) 05.10.2017-ലെ സ.ഉ(സാധാ) നം.3214/2017/തസ്വഭവ.

2) 04.04.2018-ലെ തദ്ദേശ സ്വയം ഭരണ (റൂറൽ) വകുപ്പ് സെക്രട്ടറിയുടെ അർദ്ധ ഔദ്യോഗിക കത്ത് നമ്പർ.2152/സി1/2016/എസ്.എം.

പ്രധാന സർക്കാർ ഓഫീസുകളായ സെക്രട്ടറിയേറ്റ്, വികാസ് ഭവൻ, സ്വരാജ് ഭവൻ എല്ലാ വകുപ്പുകളുടേയും ഡയറക്ടറേറ്റ്/ കമ്മീഷണറേറ്റ്, ജില്ലാ കളക്ടറേറ്റുകൾ എന്നിവിടങ്ങളിലെ സർക്കാർ ഓഫീസുകളുടെ ദൈനംദിന പ്രവർത്തനത്തിന്റെ ഭാഗമായും, അല്ലാതെയും നടത്തുന്ന എല്ലാത്തരം ചടങ്ങുകളിലും ഡിസ്പോസിബിൾ വസ്തുക്കൾ ഒഴിവാക്കി പുനരുപയോഗിക്കുവാൻ കഴിയുന്നതും പുന:ചംക്രമണത്തിന് വിധേയാക്കുവാൻ കഴിയുന്നതുമായ വസ്തുക്കൾ മാത്രം ഉപയോഗിച്ച് നടപ്പിലാക്കുന്ന തരത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ ബാധകമാക്കി സൂചന (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

ഇതിന്റെ മേൽ നോട്ടത്തിനായി ഓഫീസ്തല സമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിന് ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തി, ടി ഓഫീസറുടെ പേരും, തസ്തികയും മറ്റുവിവരങ്ങളും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ അടിയന്തിരമായി അറിയിക്കുന്നതിനും ടി വിവരങ്ങൾ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും സൂചന (2) പ്രകാരം അറിയിപ്പ് ലഭിച്ചതിനെ തുടർന്ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

മേൽ വസ്തുതകൾ പ്രകാരം വ്യവസായ വാണിജ്യ വകുപ്പിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനും ആയതിലേക്കുള്ള ഓഫീസ്തല സമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനും ഈ ഓഫീസിൽ വ്യവസായ വികസന ഓഫീസർ തസ്തികയിൽ (ആസ്ഥാന കാര്യാലയത്തിൽ) ജോലി നോക്കുന്ന ശ്രീ.മോഹൻകുമാർ.എം.എസി-നെ നോഡൽ ഓഫീസറായി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്/-

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്:- ശ്രീ.മോഹൻകുമാർ.എം.എസ്, വ്യവസായ വികസന ഓഫീസർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം.

പകർപ്പ് :-

(1) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, സ്വരാജ്ഭവൻ,ബെയ്സ് ഫ്ളോർ, നന്ദൻകോട്,കവടിയാർ, തിരുവനന്തപുരം-03.

(2) സി.എ.ടു.ഡയറക്ടർ/അഡീഷണൽ ഡയറക്ടർ (ജി) (റ്റി)

(3) സൂക്ഷിപ്പ് ഫയൽ/അധിക പകർപ്പ്.

(4) ഡി.ഡി(ഐറ്റി സെക്ഷൻ) വെബ് സൈറ്റിൽ ചേർക്കുന്നതിനായി.

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്

സി.റ്റി.എസ്. 18.04.2018(9)